

പീറ്റർ നീണ്ടൂർ – ചെറുപ്പം മുതൽ കവിതയോടുള്ള ഭ്രമം സ്വയം ഓരാന്നു കുത്തിക്കുറിക്കാൻ പ്രേരണ നൽകി. കൂടാതെ കവിത പ്രേമിയായ പിതാവിൻെറ കാവ്യാലാപനങ്ങളും സ്വാധീനിച്ചു. വിദ്യാഭ്യാസത്തിനു ശേഷം ജോലിയിൽ പ്രവേശിച്ചപ്പോൾ കവിതാ വാസനക്ക് അൽപ്പം മങ്ങലേറ്റുവെങ്കിലും വീണ്ടും അത് തളിർത്തു വന്നു. ഇപ്പോൾ ജോലിയിൽ നിന്നു വിരമിച്ച് മുഴുവൻ സമയം സാഹിത്യ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നു. കവി, സീരിയൽ നടൻ, നാടൻ കലാരൂപങ്ങൾക്ക് വീണ്ടും ജന്മം കൊടുക്കുന്നതിൽ വ്യാപ്രുതൻ, പ്രാസംഗികൻ, സംഘാടകൻ,എന്നീ നിലകളും തൻേറതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഇ മെയിൽ വിലാസം. vcpndrkavi@hotmail.com

(കാവ്യോത്സവം)

# ആസ്തിബോധം

**പീറ്റർ നീണ്ടൂർ**

മുഷ്ടിക്കകത്താണു ലോകം മുഴുവനെ–
ന്നിഷ്ടമായ് ചിന്തിച്ചുകാലം കഴിക്കവേ,
അഷ്ടിക്ക് മുട്ടുന്ന മർത്ത്യരോ ചുറ്റിലും
നട്ടംതിരിയുന്ന ദ്രുശ്യമാണെങ്ങുമേ!

സ്രുഷ്ടിയിൽ വന്ന പിഴവാണിതെങ്കിലും
സ്രുഷ്ടാവ് കുറ്റങ്ങൾ മാറ്റാൻ തുനിഞ്ഞീല;
ഉള്ളവർക്കെല്ലാം സമ്രുദ്ധമായേകിയി–
ട്ടുള്ളുമാത്രം കനിഞ്ഞീ നിരാലം ബർക്ക്

പട്ടിണിമൂലം വലയുന്നവർക്കായി
വിട്ടുകൊടുക്കുന്നു മാറാത്തരോഗങ്ങൾ;
രോഗവിമുക്തിക്ക് മാർഗ്ഗമില്ലാത്തവർ
വേഗമനയുന്നു കാലപുരിയിങ്കൽ

സമ്പന്നതക്ക് നടുവിൽ വിലസുന്ന
വമ്പരോ പോർവിളിച്ചീടുന്നു ശിഷ്ടരെ;

"ചിന്താമണി'ക്കായി മോഹം ജനിക്കുവോ-
രന്ത്യം വരേക്കുമലഞ്ഞുനടന്നിടും

അസ്തിത്വദുഃഖാലമർന്നു നീങ്ങാതെ നീ
ആസ്തിബോധങ്ങളെ ചിത്തത്തിലേറ്റിയും
സ്വസ്ഥതയാർജ്ജിച്ചുമേകിയും മുമ്പോട്ടു
മസ്തിഷ്കശുദ്ധിവരുത്തി വാണീടുക

*******